പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1536 21.03.2012- ലെ മറുപടിക്ക്

## കാരുണ്യ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി മലയാളികളുടെ ക്ഷേമം ലക്ഷ്യമാക്കി രൂപീകരിച്ച കാരുണ്യ പദ്ധതി പ്രകാരം എത്രപേർക്ക് ഇതുവരെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ ; | (എ) വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് നിയമാനുസൃതമായി സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. വിദേശത്ത് നിന്ന് കൊണ്ടുവരുന്നതിനു പരമാവധി 50,000/- രൂപയും ഇന്ത്യയ്ക്കകത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്നതിന് പരമാവധി 10,000/- രൂപയുമാണ് അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം ഇതുവരെ 8 അപേക്ഷകർക്ക് 2,02, 200 രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

(ബി) ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കേണ്ട കുറഞ്ഞ വരുമാനപരിധി 25000 രൂപയിൽ നിന്ന് 50000 രൂപയെങ്കിലുമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ബി) വിദേശരാജ്യങ്ങളിൽ നിയമപരമായി ജോലിക്ക് പോകുന്ന ഏതു പ്രവാസികേരളീയൻ മരണപ്പെട്ടാലും അയാളുടെ മൃതദേഹം നാട്ടിലെത്തിക്കേണ്ട ചുമതല സ്പോൺസർക്ക് ആണ്. സ്പോൺസർ ചുമതല ഏറ്റെടുക്കാത്ത ചില കേസുകളിൽ എംബസി തുക വഹിക്കാറുണ്ട്. അതിനാൽ തന്നെ വളരെ ചുരുക്കം ചില കേസുകളിലേ പ്രവാസികളുടെ ബന്ധുക്കൾക്ക് തുക വഹിക്കേണ്ടിവരുന്നുള്ളൂ. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കാണ് ഈ പദ്ധതിയിൽ ധനസഹായം ഉദ്ദേശിക്കുന്നത്. ഇപ്പോഴത്തെ വരുമാനപരിധി കൊണ്ട് അർഹമായ ആരും ഒഴിവാക്കപ്പെടുന്നില്ല എന്നതിനാൽ വരുമാനപരിധി ഉയർത്തേണ്ട ആവശ്യമില്ല.

സെക്ഷൻ ഓഫീസർ